## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഡൽഹി സ്ഫോടനത്തിൽ ഇന്ത്യക്ക് ഒപ്പമെന്ന ഭൂട്ടാന്റെ നിലപാടിന് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ഫോടനത്തിന് ഉത്തരവാദികളായവരെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.
   **PM Modi thanks Bhutan for support after Delhi blast; Defence Minister Rajnath Singh vows no escape for Perpetrators.**

2. ഡൽഹി സ്ഫോടനത്തിന്റെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല അവലോകന യോഗം ചേർന്നു.
   **NIA takes over Delhi blast probe; Home Minister Amit Shah chairs high-level review meeting.**

3. ഭീകരതയ്ക്ക് ധനസഹായം നൽകുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിക്കണമെന്ന് യു എൻ സുരക്ഷാ കൗൺസിലിൽ ഇന്ത്യ.
   **India urges UN Security Council to adopt zero tolerance policy on terror financing.**

4. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ അഞ്ചു മണി വരെ 67.14 ശതമാനം പോളിംഗ്. വോട്ടെണ്ണൽ വെള്ളിയാഴ്ച.

67.14% Voter Turnout in Bihar Assembly Polls Till 5 PM; Counting on Friday.

5. കേരളത്തിൽ നാല് ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
   Isolated heavy rain likely in four Kerala districts; fishing ban along Kerala–Lakshadweep coast.

6. കാഴ്ച പരിമിതർക്കുള്ള ആദ്യ വനിതാ ടി-20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 10 വിക്കറ്റ് ജയം.
   India beat Sri Lanka by 10 wickets in opening match of Women's T20 World Cup Cricket for the blind.

***********************

## DELHI BLAST (INTRO)

ഡൽഹി സ്ഫോടനത്തിൻറെ അന്വേഷണം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി. സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. ഡൽഹിയിലെ ചുവപ്പ് കോട്ടയ്ക്ക് സമീപം ഇന്നലെയുണ്ടായ സ്ഫോടനത്തിൽ എട്ടു പേരാണ് മരിച്ചത്. **വിശദാംശങ്ങളിലേക്ക്.......**

(വോയ്സ്)

ആഭ്യന്തര മന്ത്രിയുടെ ന്യൂഡൽഹിലെ വസതിയിൽ ചേർന്ന ഉന്നതതലയോഗത്തിൽ കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ഇൻറലിജൻസ് ബ്യൂറോ ഡയറക്ടർ, ഡൽഹി പോലീസ് കമ്മീഷണർ, ദേശീയ അന്വേഷണ ഏജൻസി-ഡയറക്ടർ ജനറൽ തുടങ്ങിയവർ പങ്കെടുത്തു. ഡൽഹി സ്ഫോടനം സംബന്ധിച്ച വിശദാംശങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു കേന്ദ്ര ആഭ്യന്തരമന്ത്രിയുമായി സംസാരിച്ചു. അംഗോള സന്ദർശനത്തിനിടെ ഫോണിലൂടെയാണ്

രാഷ്ട്രപതി സ്ഥിതിഗതികൾ ആരാഞ്ഞത്. സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്തെ തിരക്കേറിയതും, സുപ്രധാന മേഖലകളിലും ഉൾപ്പെടെ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഡൽഹി കാർ സ്ഫോടനത്തിന് ഉത്തരവാദികളായവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു. സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം ആരംഭിച്ചതായും അദ്ദേഹം വ്യക്തമാക്കി. അതേസമയം സുരക്ഷാ കാരണങ്ങളാൽ ലാൽ ഖില മെട്രോ സ്റ്റേഷൻ അടച്ചിടുമെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. ചുവപ്പുകോട്ടയിലും വ്യാഴാഴ്ച വരെ സന്ദർശകർക്ക് പ്രവേശനമുണ്ടായിരിക്കില്ല. പൊതുജന സുരക്ഷ കണക്കിലെടുത്ത് ഡൽഹി പോലീസ് കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 011-22910010, 011-22910011. ന്യൂസ് ഡെസ്ക് ആകാശവാണി

***********************

## J- K- HIGH ALERT KATRA

ജമ്മുകശ്മീരിലെ കത്രയിലുടനീളം ഭരണകൂടവും പോലീസും ജാഗ്രത ശക്തമാക്കി. മാതാ വൈഷ്ണോദേവി തീർത്ഥാടന കേന്ദ്രത്തിലും പരിസര പ്രദേശങ്ങളിലും സുരക്ഷാ നടപടികൾ കർശനമാക്കി. കത്രയിലെ എൻട്രി-എക്സിറ്റ് പോയിൻറുകളിൽ പ്രത്യേക പരിശോധന ഏർപ്പെടുത്തി. വാഹനപരിശോധനയും ശക്തമാക്കിയിട്ടുണ്ട്.

***********************

## ALERT - TRIVANDRUM AIRPORT

ഡൽഹി കാർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലും കർശന ജാഗ്രതാ നിർദേശം. പ്രധാന റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, ആരാധനാലയങ്ങൾ ഉൾപ്പടെയുള്ള പ്രധാന കേന്ദ്രങ്ങൾ പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന്

പുറപ്പെടുന്ന യാത്രക്കാർക്കുള്ള സുരക്ഷാ പരിശോധന വർദ്ധിപ്പിച്ചു. യാത്രക്കാർ സമയത്തിനു മുമ്പ് എത്തിച്ചേർന്ന് സുരക്ഷാ പരിശോധനാ നടപടികളിൽ സഹകരിക്കണമെന്ന് നിർദേശമുണ്ട്.

**********************

## PREZ- ANGOLA

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ദ്വിരാഷ്ട്ര പര്യടനം തുടരുന്നു. ലുവാണ്ടയിൽ നടക്കുന്ന അംഗോളയുടെ 50-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുത്തു. ശേഷം ബോട്സ്വാനയിലേക്ക് യാത്ര തിരിച്ച രാഷ്ട്രപതി ബോട്സ്വാന പ്രസിഡൻറുമായി ഉഭയകക്ഷി ചർച്ച നടത്തും.

**********************

## PM-BHUTAN VISIT

ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭൂട്ടാൻറെ നാലാമത്തെ രാജാവായിരുന്ന ജിഗ്മേ സിംഗ്യേ വാങ്ചുക്കിൻറെ 70-ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. അന്വേഷണ ഉദ്യോഗസ്ഥരുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. ഡൽഹി സ്ഫോടനത്തിൽ ഇന്ത്യക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനും അപകടത്തിനിരയായവർക്കായി പ്രാർത്ഥന നടത്തിയതിനും ഭൂട്ടാൻ സർക്കാരിന് ശ്രീ മോദി നന്ദി അറിയിച്ചു.

**********************

## REV. INDIA - BHUTAN POWER DEAL

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഭൂട്ടാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി, ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കുമായി തിംഫുവിൽ പ്രതിനിധിതല ചർച്ചകൾ നടത്തി. പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി

വിഷയങ്ങൾ ചർച്ചയായി. ഇരു രാജ്യങ്ങളും സംയുക്തമായി വികസിപ്പിച്ച ആയിരത്തി ഇരുപത് മെഗാവാട്ട് ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രിയും ഭൂട്ടാൻ രാജാവും സംയുക്തമായി നിർവഹിച്ചു.

**********************

## BIHAR – ELECTION

നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ബിഹാർ. 5 മണി വരെ 67.14 ശതമാനമാണ് പോളിംഗ്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. സുരക്ഷാ കാരണങ്ങളാൽ 7 നിയോജക മണ്ഡലങ്ങളിൽ വൈകുന്നേരം 5 മണിക്ക് പോളിംഗ് അവസാനിച്ചു. 302 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

**********************

## BYELECTION

ഏഴ് സംസ്ഥാനങ്ങളിലായി എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പും ഇന്ന് നടന്നു. ജമ്മു കാശ്മീരിൽ രണ്ടും ഝാർഖണ്ഡ്, മിസോറാം, ഒഡീഷ, പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന സംസ്ഥാനങ്ങളിലെ ഓരോ സീറ്റിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം നവംബർ 14 നാണ് വോട്ടെണ്ണൽ.

**********************

## ECI-KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം വെള്ളിയാഴ്ച പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് നടക്കും. രണ്ടു

ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

**********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

**********************

## INDIA UNSC (INTRO)

ഭീകരതയ്ക്ക് ധനസഹായം നൽകുകയോ ഭീകരതയ്ക്കായുള്ള ആയുധശേഖരണത്തിന് സഹായം നൽകുകയോ സൗകര്യമൊരുക്കുകയോ ചെയ്യുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിക്കണമെന്ന് ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ ഇന്ത്യ ആവശ്യപ്പെട്ടു. പതിറ്റാണ്ടുകളായി അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ രാജ്യം പോരാടുന്നുണ്ടെന്നും, അനധികൃത ആയുധക്കടത്ത് മൂലമാണ് ഇത്തരം സാഹചര്യങ്ങളെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി.ഹരീഷ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.....)

**********************

## WOMENS T20 WORLD CUP

കാഴ്ച പരിമിതർക്കുള്ള ആദ്യ വനിതാ ടി-20 ലോകകപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. ഇന്ത്യയും ശ്രീലങ്കയും തമ്മിൽ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ 10 വിക്കറ്റിന് പരാജയപ്പെടുത്തി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 13.3 ഓവറിൽ 41 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗിൽ ഇന്ത്യ

വിക്കറ്റ് നഷ്ടമില്ലാതെ മൂന്ന് ഓവറിൽ വിജയലക്ഷ്യം മറികടന്നു. ഇന്ത്യയ്ക്കു പുറമേ ശ്രീലങ്ക, അമേരിക്ക, നേപ്പാൾ, ഓസ്ട്രേലിയ, പാകിസ്ഥാൻ ടീമുകളാണ് മത്സരിക്കുന്നത്. ഈ മാസം 23 വരെയാണ് മത്സരം.

**********************

## JK RANJI WIN

രഞ്ജി ട്രോഫി ചരിത്രത്തിലാദ്യമായി ഡൽഹിക്കെതിരെ വിജയം നേടി ജമ്മു കശ്മീർ. ഡൽഹി അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഏഴ് വിക്കറ്റിനാണ് ജമ്മു കശ്മീർ ഡൽഹിയെ പരാജയപ്പെടുത്തിയത്. ചരിത്ര ജയത്തോടെ ഗ്രൂപ്പ് ഡി പട്ടികയിൽ ജമ്മു കശ്മീർ രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു.

**********************

## KERALA – RAIN

കേരളത്തിൽ വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

**********************

## CM – UAE

അബുദാബി കിരീടാവകാശിയും അബുദാബി എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായേദ് അൽ നഹ്യാനുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിൽ കേരളവും യുഎഇയും തമ്മിലുള്ള സഹകരണം ഉറപ്പാക്കുക, സാമ്പത്തിക- വികസന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുക തുടങ്ങിയ

വിഷയങ്ങൾ ചർച്ചയായി. കൂടുതൽ നിക്ഷേപ പദ്ധതികൾക്ക് വഴി തുറക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടന്നു.

**********************

## SABARIMALA ARREST – N VASU

ശബരിമല സ്വർണ്ണപ്പാളി കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എൻ. വാസുവിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. രണ്ട് ദിവസത്തെ ചോദ്യംചെയ്യലിന് ശേഷ ഇന്ന് തിരുവനന്തപുരത്താണ് അറസ്റ്റ് രേഖപ്പെടുത്തിയത്. എൻ വാസുവിനെ ഇന്ന് തന്നെ പത്തനംതിട്ട ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും.

**********************

## VECHUR HARIHARASUBRAMANIAN

പ്രശസ്ത സംഗീതജ്ഞൻ വെച്ചൂർ ഹരിഹരസുബ്രഹ്മണ്യ അയ്യരുടെ നൂറാം ജന്മവാർഷിക ആഘോഷ പരിപാടികൾക്ക് തിരുവനന്തപുരത്ത് തുടക്കം. കിഴക്കേക്കോട്ട കാർത്തിക തിരുനാൾ തിയേറ്ററിൽ പൂയം തിരുനാൾ ഗൗരി പാർവതി ഭായി ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി പ്രത്യേക സംഗീതക്കച്ചേരിയും സംഘടിപ്പിച്ചിട്ടുണ്ട്.

**********************

## GRAP III–DELHI

ഡൽഹിയിലും പരിസര പ്രദേശങ്ങളിലും വായു ഗുണനിലവാര സൂചിക അതീവ മോശമായതിനെ തുടർന്ന് നിയന്ത്രണങ്ങൾ കർശനമാക്കി. വായു ഗുണനിലവാര സൂചിക 362-ൽ നിന്ന് 430-ൽ എത്തിയതിനാൽ ഗ്രേയ്ഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ മൂന്നാം ഘട്ടം ഏർപ്പെടുത്തിയതായി എയർ ക്വാളിറ്റി മാനേജ്മെൻറ് കമ്മിഷൻ അറിയിച്ചു. അഞ്ചു വരെയുള്ള ക്ലാസുകൾ ഓൺലൈനായി നടത്തും. സ്വകാര്യ ബിഎസ് മൂന്ന് പെട്രോൾ

വാഹനങ്ങൾക്കും ബിഎസ് നാല് ഡീസൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**********************

## REV.TN-PROTEST -SIR

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിനെതിരായി തമിഴ്നാട്ടിൽ പ്രതിഷേധം തുടരുന്നു. എംപിമാർ, എംഎൽമാർ തുടങ്ങിയവർ പ്രതിഷേധ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. അതേസമയം തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിൻ്റെ ഭാഗമായി കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണം ഒരു കോടി കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ. യു കേൽക്കർ അറിയിച്ചു.

**********************

## JITENDRA SINGH-CII

രാജ്യത്തെ മുതിർന്ന പൗരന്മാരുടെ അനുഭവ പരിചയം രാഷ്ട്രനിർമ്മാണത്തിൽ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന സിഐഐ സീനിയർ കെയർ കോൺക്ലേവിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വയോജനങ്ങളെ പിന്തുണയ്ക്കുന്നതിനായി കാരുണ്യം, നവീകരണം, സാങ്കേതികവിദ്യ എന്നിവയാൽ നയിക്കപ്പെടുന്ന പുതിയ ഘട്ടത്തിലേക്ക് ഇന്ത്യയുടെ പരിചരണ സമ്പദ്വ്യവസ്ഥ മാറുകയാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

********************** ****************************************************

**********************